സമീപകാലത്തു ഒരു വെയിറ്റിംഗ് ഷെഡ് കെട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. രണ്ടു മൂന്നു കടകൾക്കടുത്തു ഒരു ടൈംകീപ്പറാഫീസും വെയിറ്റിംഗ് ഷെഡും ഡിപ്പാർട്ടുമെന്റിൽനിന്നും ഫണ്ട് സെപ്തമ്പർ ഫാമിനു മുതൽ നടത്തിവരുന്നുണ്ട്.

ശ്രീ. ടി. വി. തോമസ്: മാവേലിക്കരയിൽ വെയിറ്റിംഗ് ഷെഡ് ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിറ്റിംഗ് ഷെഡ് സംബന്ധിച്ച് ഗവർമ്മെന്റിനു നിശ്ചിതമായ ഒരു പദ്ധതിയുണ്ട്. രണ്ടുകൊല്ലത്തിനുമുമ്പ് ഗവർമ്മെന്റിൽനിന്നു സ്ഥാപിച്ചിട്ടുള്ള എല്ലാ സ്റ്റേഷനിലും വെയിറ്റിംഗ് ഷെഡ് ഉണ്ടാക്കണമെന്നാണ് ഗവർമ്മെന്റിന്റെ ഉദ്ദേശം. അതിൽ മാവേലിക്കരയും ഉണ്ടാകും.

വെയിറ്റിംഗ് ഷെഡ്

*൪൫൪. (ക്ര ൪) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിഴിഞ്ഞം ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റിൽ ഒരു വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതുനിമിത്തം യാത്രക്കാർ വളരെ വിഷമപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവർമ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഈ സംഗതിയെപ്പറ്റി യാത്രക്കാരിൽനിന്നും നിവേദനങ്ങൾ യാതൊന്നും ലഭിച്ചിട്ടില്ല. പക്ഷേ സ്ഥലത്തു ഒരു വെയിറ്റിംഗ് ഷെഡ് കെട്ടുന്ന കാര്യത്തെപ്പറ്റി തീർച്ചയായും പരിഗണിക്കുന്നതാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: തല്ക്കാലത്തേക്ക് ഒരു വെയിറ്റിംഗ് റൂമെങ്കിലും അവിടെ ഉണ്ടാക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

പഞ്ചസാരകോട്ടാ

*൪൫൫. (ക്ര ൫) സാഹിബ് ബഹദൂർ ടി. എ. മജീദ്ഖാൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം കൺഫെക്ഷണറി വർക്സിനു പഞ്ചസാരകോട്ടാ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിനു പഞ്ചസാരകോട്ടാ അനുവദിക്കുന്നതിനു ഇൻഡ്യാഗവർമ്മെന്റിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) പഞ്ചസാര കൺട്രോൾ ചെയ്യാതിരുന്ന കാലത്തെ ചെലവിന്റെ അടിസ്ഥാനത്തിലാണോ കോട്ടാ അനുവദിക്കാറുള്ളത്; അല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly